




# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## *GHSS MEENADOM*

# അക്കാദമിക മാസ്റ്റർ പ്ലാൻ (2025 2026)

## ആമുഖം

മീനടം ഗ്രാമപഞ്ചായത്തിലെ ഏക ഹയർ സെക്കണ്ടറി സ്കൂൾ ആണ് മീനടം ഗവ. ഹയർസെക്കണ്ടറി സ്കൂൾ എൽ.പി. സ്കൂൾ ആയിരുന്നു പള്ളി വക സ്കൂൾ 1910 ൽ സർക്കാരിന് വിട്ടുകൊടുത്തു. 1994-95 വർഷത്തിൽ യു.പി., ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്തു. എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി 110 കുട്ടികളും ഹയർസെക്കണ്ടറി വിഭാഗത്തിൽ കമ്പ്യൂട്ടർ സയൻസ് ബാച്ചും ഉണ്ട്. 15 ഓളം അധ്യാപകർ എൽ.പി., യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിലും, ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഗസ്റ്റ് അധ്യാപകർ ഓരോ വിഷയത്തിനും അധ്യാപനം നടത്തുന്നു. മീനടം ഗവ. സ്കൂൾ കെട്ടിടം ഏകദേശം 1 ഏക്കർ 20 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്നു.

മീനടം ഹയർസെക്കണ്ടറി സ്കൂളിലെ കുട്ടികളുടെ അക്കാദമികവും ഭൗതികവും സാമൂഹ്യമായ വികസനത്തിന് ആവശ്യമായ പഠനപ്രവർത്തനങ്ങളും വിദ്യാലയാന്തരീക്ഷവും സജ്ജമാക്കേണ്ടതുണ്ട്. എൽ.പി, യു.പി, ഹൈ സ്കൂൾ. ഹയർസെക്കണ്ടറി തിരിച്ചുള്ള പ്രവർത്തനങ്ങൾ ഓരോ അധ്യാപകരുടേയും സഹായത്തോടെ തയ്യാറാക്കുകയും ഈ അക്കാദമിക വർഷത്തിൽ അവയെല്ലാം ഉൾപ്പെടുത്തി ക്ലാസ്സ് തല പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതുണ്ട്. ഓരോ വിദ്യാർത്ഥിയ്ക്കും തുല്യതയോടെ, അതായത് തലങ്ങളിലുള്ള ആധുനിക സാങ്കേതി വിദ്യയെ, പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാക്കുകയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണത്തിലൂടെ ലക്ഷ്യമാക്കുന്നത്.

അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണത്തിൽ നിയോഗിക്കുന്ന സമിതിയിൽ അധ്യാപകർ, പിടിഎ, എം.പി.ടി.എ, റിസോഴ്സ് ടീച്ചർ, ഭിന്നശേഷിയിലുള്ള കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ രക്ഷിതാക്കൾ, വിദ്യാർത്ഥി പ്രതിനിധികൾ, എസ്.ആർ.ജി കൺവീനർ, അക്കാദമിക് വിദഗ്ധർ തുടങ്ങി... എല്ലാവരും ഉൾപ്പെട്ടിട്ടുണ്ട്. ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പഠന നിലവാരം രേഖപ്പെടുത്തുന്നതിനായി നിരീക്ഷണം, ചോദ്യാവലികൾ, ടീച്ചിംഗ് മാമ്പൽ, കുട്ടികളുടെ പ്രകടനം, പഠനനിലവാര രേഖകൾഎന്നിവ പരിഗണിക്കുന്നുണ്ട്. അതു പോലെ തന്നെ കുട്ടികൾക്ക് ആവശ്യമായ പഠനാന്തരീക്ഷവും സാമൂഹിക പിന്തുണയും ലഭിക്കുന്നുണ്ടോ എന്ന് സമിതി പരിശോധിച്ച് വിലയിരുത്തേണ്ടതുണ്ട്.

അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - പദ്ധതി രൂപീകരണ പ്രക്രിയയുടെ രൂപരേഖയിൽ അദ്ധ്യാപക യോഗം, എസ്.എം.സി/ പിടിഎ സ്റ്റാഫ്, വിദ്യാർത്ഥി പ്രതിനിധികളുടെ യോഗം, കോർ ഗ്രൂപ്പ് യോഗം, അവസ്ഥാ പഠന റിപ്പോർട്ട് അവതരണം മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, മാസ്റ്റർ പ്ലാനിന്റെ സൂക്ഷ്മ പരിശോധന, അവതരണ സെമിനാർ, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങിയവ ഉൾപ്പെട്ടിടുണ്ട്.

എൽ.പി. യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങൾ തിരിച്ചുള്ള അവസ്ഥാ പഠനത്തിൽ ഓരോ റെയും വിവിധ മേഖകൾ പഠനത്തിന് വിധേയമാക്കുന്നു.

# കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

വിദ്യാഭ്യാസ അത്യന്തിക ലക്ഷ്യം, ഇന്നത്തെ, അനുദിനം മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ സക്രിയമായി സഹകരിച്ച് ജീവിക്കാനാവശ്യമായ ശേഷികളും, ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ. ഇതിനായി ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കി എല്ലാവരെയും ഉൾക്കൊള്ളുന്നതും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ നൽകി സുസ്ഥിരമായ ഭാവി കൈവരിക്കുന്നതുമായ വിദ്യാഭ്യാസ പ്രക്രിയ രൂപകൽപന ചെയ്യേണ്ടതുണ്ട്.

കേരളം മറ്റു പല രംഗങ്ങളിലെന്നപോലെ വിദ്യാഭ്യാസ മേഖലയിലും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കേരളത്തിൻരെ സാക്ഷരരായ പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കിയ പല പ്രോജ്കടുകളും നമ്മുടെ പുരോഗതിയ്ക്ക് കാരണമായിട്ടുണ്ട്. 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ' ത്തിന്റെ ഭാഗമായി വിദ്യാലങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. എല്ലാ വിദ്യാലയങ്ങളിലും 'അക്കാദമിക് മാസ്റ്റർ പ്ലാൻ' അനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നു. എന്നാൽ അതുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അക്കാദമിക മാസ്റ്റർ പ്ലാനും പുനർ നിർമ്മിക്കേണ്ടതുണ്ട്. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ, കുട്ടികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ വേണ്ടി കലണ്ടറും ആസൂത്രണവും മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്യേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും പഠനപ്രവർത്തനങ്ങളും അതോടൊപ്പം തന്നെ വിദ്യാലയന്തരീക്ഷവും ആസ്വാദ്യകരമാക്കണം.
- കുട്ടികളുടെ പൂർണ്ണപിന്തുണയോടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- കുട്ടികൾക്ക് ക്ലാസ്സ് മുറിയിലെ പഠനപ്രവർത്തനത്തോടൊപ്പം കലാ, കായിക, പ്രവൃത്തി പരിചയ പ്രവർത്തന ങ്ങളിലും സജീവമായി പങ്കെടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- സ്കൂൾ ലബോട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തരാ ക്കുകയും പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ കുട്ടികളുടെ അറിവുകൾ നവീകരിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക.
- പ്രത്യേക പരിഗണന അർഹിക്കുന്നതും പാർശ്വവൽക്കരിക്കപ്പെടുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
- പാഠ്യപദ്ധതി വിനിമയവുമായി ബന്ധപ്പെട്ട അവസ്ഥാ പഠനത്തിൽ ഓരോ ക്ലാസ്സിലെയും എല്ലാവിഷയ ങ്ങളുടെയും വിവിധ മേഖലകൾ പഠനത്തിനു വിധേയമാക്കുന്നു. ഉദാഹരണമായി എൽ.പി., തലം താഴെകൊടുക്കുന്നു.

ഭാഷാ

**മേഖല - വായന (എൽ.പി. തലം)**

| | | |
|---|---|---|
| ആശയം ഗ്രഹിച്ച് സ്വതന്ത്രമായി വായിക്കുന്നു<br>40% | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു<br>30% | വായിക്കാൻ ശ്രമിക്കുന്നു<br>30% |

**ഗണിതം**

**മേഖല - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.**

| | | |
|---|---|---|
| കുട്ടികൾ തന്നെ സ്വയം അപഗ്രന്ഥിച്ച് പ്രശ്നം പരിഹരിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു. | പ്രശ്നം പരിഹരി ക്കുവാൻ ശ്രമിക്കുന്നു. |
| 40% | 30% | 30% |

**ശാസ്ത്രം**

**മേഖല - പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.**

| | | |
|---|---|---|
| സ്വന്തമായി തന്നെ അനുയോജ്യമായ ഉപകരണങ്ങൾ പക്ഷേ ശരിയായസഹായത്തോടെ തിരഞ്ഞെടുത്ത് ആസൂത്രണം ചെയ്ത് പരീക്ഷണം നടത്തുന്നു | പരീക്ഷണം നടത്തുന്ന നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കുന്നില്ല | അധ്യാപികയുടെ പരീക്ഷണം നടത്തുന്നു |
| 30% | 30% | 40% |

**സാമൂഹ്യശാസ്ത്രം**

**മേഖല - ചരിത്രാന്വേഷണം**

| | | |
|---|---|---|
| സ്വയം അവശ്യമായ കാര്യങ്ങൾ ശേഖരിച്ച്, അപഗ്രന്ഥിച്ച് ചരിത്രാന്വേഷണ രചന പൂർത്തിയാക്കുന്നു ചരിത്രരചന ഭാഗികമായി ചെയ്ത് പരീക്ഷണം നടത്തുന്നു | ആവശ്യമായ കാര്യങ്ങൾ ശേഖരിച്ച്, അപഗ്രന്ഥിച്ച് ചരിത്ര രചന നടത്തുന്നു. | അധ്യാപികയുടെ സഹായത്തോടെ നിർവ്വഹിക്കുന്നു |
| 30% | 30% | 50% |

ഇതുപോലെ തന്നെ യു.പിയും ഹൈസ്കൂൾ തലവും പഠനത്തിന് വിധേയമാക്കുന്നു.

# ഭൗതിക മാസ്റ്റർ പ്ലാൻ

മീനടം ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി വേണ്ടി മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. അതിനായി താഴെപ്പറയുന്ന ഘടകങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

- പരിസ്ഥിതി സൗഹൃദ - വിദ്യാർത്ഥി സൗഹൃദ സ്കൂൾ- ക്ലാസ്സ് അന്തരീക്ഷം
- ഓരോ ക്ലാസ്സിനും അനുയോജ്യമായ ലൈബ്രറി
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലബോട്ടറി (കളിസ്ഥലവും കളിയുപകരണങ്ങളും)
- മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ് ഫ്രെണ്ട്ലി ടോയിലറ്റുകൾ
- ശുദ്ധജല ലഭ്യത
- അടുക്കളസൗകര്യങ്ങൾ, ഇരുന്ന് കഴിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ
- ഗതാഗതസൗകര്യം

**മേൽപ്പറഞ്ഞ ഘടകങ്ങളിൽ നിന്നും ഈ വിദ്യാലങ്ങളിൽ**

- മിനി സ്റ്റേഡിയം നിർമ്മാണം
- കളിസ്ഥലം - നവീകരണം (മണ്ണിട്ട് ഉയർത്തി ദൃഢമാക്കുക)
- ക്യാമ്പസ് - Retaining Wall നിർമ്മാണം
- ശുദ്ധജല സംവിധാനങ്ങൾ വർദ്ധിപ്പിക്കുക
- Wastage & Drainage സംവിധാനങ്ങൾ ക്രമീകരിക്കുക
- Electricity സംവിധാനങ്ങൾ ക്രമീകരിക്കുക
- സ്പോർട്സ് സംവിധാനങ്ങൾ (ട്രാക്ക്, വിവിധ കോർട്ടുകൾ, ജംപിംഗ് പിറ്റുകൾ) വർദ്ധിപ്പിക്കുക
- യു.പി. ക്ലാസ്സ് partition ഉണ്ടാക്കുക
- യൂ. പി. ക്ലാസ്സിൽ ഫാൻ സൗകര്യം ഉണ്ടാക്കുക.

മീനടം ഹയർ സെക്കണ്ടറി സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ വളരെയെറേ മെച്ചപ്പെടേണ്ടതുണ്ട്. പി.ടി.എ. എം.പി.ടി.എ. പൂർവ്വവിദ്യാർത്ഥി സംഘടന, എസ്.എം.സി, എസ്.ആർ.ജി തുടങ്ങി എല്ലാ സംഘടനകളുടെയും സഹായത്തോടെ ബൃഹത്തായ

കർമ്മപദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതിയാണ് മുൻപിലുള്ളത്. എല്ലാവരുടെയും സഹകരണമുണ്ട് എങ്കിൽ മുൻപ് വിവരിച്ച പദ്ധതികൾ നടപ്പിലാക്കാൻ തീർച്ചയായും സാധ്യമാകും.

2024 -25 ലെ പ്രോജക്ക്ട് ആയി എൽ.പി സെക്ഷനിൽ Outdoor Toys & Play equipments ഉൾപ്പെട്ട ഒരുകളിസ്ഥലം നിർമ്മിക്കാനുള്ള ഒരു പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഏകദേശം 2 ലക്ഷം രൂപ എസ്റ്റിമേറ്റ് ആയിട്ടുള്ള പ്രോജക്റ്റ് ആണിത്. എൽ.പി. സെക്ഷൻ കുട്ടികളുടെ മാനസിക ശാരീരിക ഉല്ലാസത്തിനു വേണ്ടിയുള്ള പ്രോജക്റ്റ് ആണ് പിടി.എ. എസ്.എം.സി, എം.പി.ടി.എ എല്ലാവരുടെയും സഹകരണത്തോടെ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

**വിലയിരുത്തൽ**

- പ്രക്രിയാബന്ധിതമായ ആസൂത്രണം
- കുട്ടികൾ തമ്മിലുള്ളപരസ്പരം വിലയിരുത്തൽ
  (ഉചിതമായ ചോദ്യാവലിയോ ചെക്ക്ലിസ്റ്റോ ഉപയോഗിക്കാം)
- കുട്ടിയുടെ സ്വയം വിലയിരുത്തൽ
- അധ്യാപികയുടെ വിലയിരുത്തൽ

**പഠനാന്തരീക്ഷം കാര്യക്ഷമാക്കുന്നതിന്**

- ക്ലാസ്സ് മുറിയുടെ സജ്ജീകരണം ശ്രദ്ധയോടെ വേണം
- സ്വതന്ത്ര ചിന്ത, ലിംഗസമത്വം, പാലിച്ചു എല്ലാത്തരം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം ഉണ്ടാക്കുക
- അനുയോജ്യമായ പഠനോപകരണങ്ങൾ
- അധ്യാപക- വിദ്യാർത്ഥി ബന്ധം
- ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം
- ലാബുകൾ, ലൈബ്രറികൾ, ജൈവവൈവിധ്യ ഉദ്യാനങ്ങൾ അനുയോജ്യമാക്കുക
- കളിസ്ഥലവും, കളിയുപകരണങ്ങളും ലഭ്യമാക്കുക
- സ്മാർട്ട് ക്ലാസ്സ്, ഭിന്നശേഷി, സൗഹൃദ ക്ലാസ്സ് മുറികൾ, ആവശ്യമായ ക്ലാസ്സ് മുറികൾ ലഭ്യമാക്കുക
- സന്നദ്ധ സംഘടനകളുടെ പ്രവർത്തനം (NC C. NSS, SPC, സ്കൗട്ട് മുതലായവ)

**അധ്യാപകർ**

**അധ്യാപകർക്ക് വേണ്ട ഘടകങ്ങൾ**

- സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം
- ആവശ്യമായ പ്രാദേശിക വിഭവങ്ങൾ
- സമഗ്രസൂതനും, ദൈനംദി ആസൂത്രണം
- പഠനസാമഗ്രികളുടെ ലഭ്യത (യഥാസമയം)
- സാമൂഹിക പിന്തുണ
- അധ്യാപക - രക്ഷാകർത്തൃബന്ധം

## സാമൂഹ്യ ഇടപെടലുകൾ

- പി ടി എ
- എം.എം.സി
- മുൻ പി ടി എ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
- പൂർവ്വവിദ്യാർത്ഥികൾ
- വിദ്യാലയ വികസന സമിതി
- വിവിധ വകുപ്പുകൾ
- സന്നദ്ധ സംഘടനകൾ
- പ്രാദേശിക അക്കാദമിക വിദഗ്ധർ

## യു.പി. സെക്ഷൻ
## ഹിന്ദി

### പ്രവർത്തന പദ്ധതികൾ (ജൂൺ - ആഗസ്റ്റ്)

- ഹിന്ദി അക്ഷരങ്ങൾ (സ്വരങ്ങൾ, വ്യഞ്ജനങ്ങൾ)
- വ്യാകരണ പരിശീലനം
- ഹിന്ദി വായിക്കാനുള്ള പരിശീലനം
- അക്ഷര പരിശീലനം
- ഹിന്ദി എഴുതാൻ ഉള്ളപരിശീലനം
- Reading Test

### സുരീലി ഹിന്ദി (സെപ്റ്റംബർ- നവംബർ)

- ഹിന്ദി പഠനം ആസ്വാദ്യകരമാക്കുക (Hindi Day Assignment) കൊടുക്കുന്നു
- കുറിപ്പ്, ചിത്രകഥാ രചന
- സുരീലി കാൻവാസ് നിർമ്മാണം
- Reading Test
- പോസ്റ്റർ നിർമ്മാണം, കഥ, കവിതാ രചന
- വായിക്കാനും എഴുതാനുമുള്ള കഴിവ് വികസിപ്പിക്കുക
- ഹിന്ദി ആകാശവാണി നിർമ്മിക്കുക

### ഡിസംബർ ഫെബ്രുവരി

- വായനാ കാർഡുകൾ നൽകുന്നു
- ചെറിയ കഥ, കവിതകൾ നൽകുന്നു
- വിഷയം കൊടുത്തു കുറിപ്പ് തയ്യാറാക്കുന്നു.
- വായന പ്രോത്സാഹിപ്പിക്കുന്നു
- എഴുതാൻ പ്രോത്സാഹിപ്പിക്കുന്നു
- പരീക്ഷ (Reading Test, Written Test)

### മാർച്ച്

- പാഠങ്ങളുടെ റിവിഷൻ
- Model Test Paper
- വ്യാകരണ പരിശീലനം
- പരീക്ഷാ പരിശീലനം
- Reading Test, Written Test നടത്തുന്നു

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- അക്കാദമികം
- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്രപോഷണ പരിപാടി.
- വായന പരിപോഷണം.
- ലൈബ്രറി ശാക്തീകരണം
- പ്രതിഭാ പോഷണ പരിപാടി
- ജൈവ വൈവിദ്ധ്യ പാർക്ക്

- ഭൗതീകം
- കളി സ്ഥലം
- ചിൽഡ്രസ് പാർക്ക്
- ഡൈനിംഗ് ഹാൾ
- കുടിവെള്ള വിതരണം
- മാലിന്യ സംസ്കരണം
- ജന്മദിനത്തിനൊരു പുസ്തകം.
- ചിത്ര രചന
- കൃഷിത്തോട്ടം, പൂന്തോട്ട നിർമ്മാണം, ഗണിതോത്സവം, മേളകൾ, ഭാഷ ഉത്സവം

- സാമൂഹികം
- പി.ടി.എ ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസന സമിതി.
- പൂർവ്വ വിദ്യാർത്ഥി സംഘടന
- എസ്.എസ്.ജി. ക്ലബ്ബുകൾ
- സന്നദ്ധ സംഘടനകൾ
- പൂർവ്വാദ്ധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം.
- ക്ലാസ് പിടി.എ മാതൃകാപരമാക്കൽ

---

- Creative corner - മീനടം പഞ്ചായത്തിലെ യു.പി.സ്ക്കൂളുകൾക്ക് ജീവിത നൈപുണികൾ വളർത്തുന്നു.
- പത്തരമാറ്റ്
- സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം
- പ്രീ-പ്രൈമറി ക്ലാസ്സ് നവീകരണം
- Kitchen gardening, Budding writer

- വിവിധതരം ക്ലബ്ബുകൾ
- സ്കൂൾ സുരക്ഷാ സമിതി
- സൂംബ ഡാൻസ് പരിശീലനം
- ശ്രദ്ധ
- വിദ്യാരംഗം

**അക്കാദമികം**

- ക്രിയേറ്റീവ് കോർണർ (മീനടം പഞ്ചായത്തിലെ യു.പി. സ്കൂൾ വിദ്യാർത്ഥികളിൽ ജീവിത നൈപുണികൾ വളർത്തുന്നതിനു വേണ്ടി.)
- പത്തരമാറ്റ്
- ശ്രദ്ധ(പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി
- വിദ്യാരംഗം
- ബഡ്ഡിംഗ് റൈറ്റേഴ്സ്

**ഭൗതികം**

- പ്രീ പ്രൈമറി ക്ലാസ്സ് നവീകരണം
- അടുക്കളത്തോട്ടം

**മറ്റു പദ്ധതികൾ**

- സ്കൂൾ സുരക്ഷേ
- ORC (ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ)
- വിവിധ തരം ക്ലബ്ബുകൾ
- സൂംബ ഡാൻസ് പരിശീലനം
- സ്റ്റുഡൻ്റ്സ് സേവിങ്സ് സ്കീം

## സ്കൂൾതല കമ്മിറ്റികൾ

1. അധ്യാപക രക്ഷാകർത്തൃ സമിതി (PTA)
2. സ്കൂൾ മാനേജ്മെൻ്റ് കമ്മിറ്റി (SMC)
3. സ്കൂൾ റിസോർസ് ഗ്രൂപ്പ് (SRG)
4. മാതൃസംഗമം (MPTA)
5. ക്ലാസ് പി.ടി.എ. (CPTA)
6. ഉച്ചഭക്ഷണ കമ്മിറ്റി (Noon Meal Committee)
7. വിദ്യാലയ ജാഗ്രതാ സമിതി
8. വിവിധ സബ്ജക്ട് കൗൺസിൽ
9. വിവിധ ക്ലബ്ബുകൾ
10. പൂർവ്വ വിദ്യാർത്ഥി സംഘടന (OSA)
11. വിദ്യാലയ ജാഗ്രതാ സമിതി (POSH ACT COMMITTEE)
12. വിദ്യാലയ വികസന സമിതി (School Development Committee)
13. ഐ ടി അഡ്വൈസറി കമ്മിറ്റി
14. സ്പെഷ്യൽ ഫീസ് കമ്മിറ്റി
15. ഡിസാസ്റ്റർ മാനേജ്മെൻ്റ് കമ്മിറ്റി
16. ലഹരി വിരുദ്ധ ക്ലബ്ബ്
17. സ്റ്റാഫ് കൗൺസിൽ
18. അച്ചടക്ക കമ്മിറ്റി (Discipline Committee)
19. പരീക്ഷ കമ്മിറ്റി (Examination Committee)
20. സ്കൂൾ തല ശുചിത്വ സമിതി (School Level Sanitation Committee)

## ക്ലബ്ബുകൾ

- ഹെൽത്ത് ക്ലബ്ബ്
- പരിസ്ഥിതി
- സോഷ്യൽ സയൻസ്
- ഗണിത ക്ലബ്ബ്
- ഊർജ്ജ ക്ലബ്ബ്
- ലഹരി വിരുദ്ധ ക്ലബ്ബ്
- IT ക്ലബ്ബ്
- Work Experience

# ഭാഷ

**മേഖല – അക്കാദമികം**

**ഉപമേഖല – ഭാഷ**

**ക്ലാസ് I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br><br>2) <u>അമ്മ പറയട്ടെ</u> അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br><br>ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി.<br><br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ. |

**മേഖല – അക്കാദമികം**

**ഉപമേഖല – ഭാഷ**

**ക്ലാസ് – II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br><br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br><br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടങ്ങ<br><br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br><br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - III**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

# മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘ ടിപ്പി ക്കൽ. ആവശ്യ മായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോ ഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്ര വർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴു വൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻ മാരെ അടുത്തറി യൽ | സാഹിത്യകാരന്മാരു മായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസ രണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# ഗണിതം

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ് - I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ<br>SRG<br>ക്ലാസ് ടീച്ചർ | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കു കളും, ഗണിത പസിലുകളും പരി ചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളി ലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG ക്ലാസ് ടീച്ചർ | S S A Staff S M C |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

# പരിസരപഠനം

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ്- I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീല ങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാച കവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം, ഔഷ ധത്തോട്ടം, ചുറ്റുവട്ട ത്താകെ | ഡിസംബർ ജനുവരി | SRG SMC | |

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ്- II**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇഉ | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

## പരിസരപഠനം (Std IV)

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശഭ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ് - I**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം<br><br>ജ്ജിഴഹശവെ റമ്യ ജ്ജിഴഹശവെ മലൈായഹ്യ. | മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk…… പ്രതിഭാധനരുമായി സംവദിക്കൽ.<br><br>English ബാലസഭ.<br><br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br><br>മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher<br><br>SMC | S S A |

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ് - III**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വായന - ആശയ മറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം.<br><br>വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ<br><br>വായനാക്യാമ്പുകൾ<br><br>ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച്<br><br>മാസത്തിൽ ഒന്ന്<br><br>3 മാസത്തിൽ ഒന്ന്<br><br>ജൂൺ - മാർച്ച് | | |

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | | |

# ആരോഗ്യ കലാകായിക പ്രവൃത്തിപരിചയം

| ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| • കുട്ടികളിലെ സർഗശേഷി കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക<br>• കായിക ക്ഷമത വർദ്ധിപ്പിക്കുക<br>• ആരോഗ്യം മെച്ചപ്പെടുത്തുക<br>• തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു ഊന്നൽ കൊടുക്കുക | 1-10 | • സ്കൂൾ കലോത്സവത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പിക്കുന്നു<br>• വിദ്യാരംഗം കലാസാഹിത്യവേദി<br>• ചിത്രരചനാ മത്സരങ്ങൾ<br>• സർഗവേള<br>• ആരോഗ്യ വിദഗ്ദ്ധർ നടത്തുന്ന ക്ലാസ്സ്<br>- പോഷകാഹാര പ്രാധാന്യം<br>- വ്യക്തി ശുചിത്വം<br>• മെഡിക്കൽ ക്യാമ്പ്<br>• Creative Corner ഫലപ്രദമായി ഉപയോഗപ്പെടുത്തുക.<br>ഉല്പാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ വിപണന സാധ്യത ഉറപ്പാക്കുക. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി<br>സ്കൂൾ<br>കൗൺസിലർ | 6000/- |

# ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

| ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| • ലഹരി നിർമാർജനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക<br>• കായിക ക്ഷമത വർദ്ധിപ്പിക്കുക<br>• ആരോഗ്യം മെച്ചപ്പെടുത്തുക<br>• തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു ഊന്നൽ കൊടുക്കുക | 1-10 | • ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്<br>• ഷോർട്ട് ഫിലിം, നിർമാണം പ്രദർശനം, പോസ്റ്റർ നിർമ്മാണം, ഫ്ളാഷ് മോബ്<br>• സ്കൂൾ ജാഗ്രതാസമിതി<br>• പ്രാദേശിക ജാഗ്രതാ സമിതി രൂപീകരണം, പ്രവർത്തനം<br>• വിവിധ ക്ലാസ്സ് പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | എസ്.ആർ.ജി<br>പഞ്ചായത്ത്<br>പി.റ്റി.എ<br>സ്കൂൾ<br>കൗൺസിലർ<br>എക്സൈസ് | |
| • വായനാശീലം വളർത്തുക<br>• ശാസ്ത്രാഭിരുചി വളർത്തുക<br>• സാമൂഹികാവബോധം പൗരത്വബോധം എന്നിവ വളർത്തിയെടുക്കുക | | • ദിനാചരണ പ്രവർത്തനങ്ങൾ ഫ്ളാഷ് മോബ്, ശില്പശാല | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ<br>ക്ലബ്ബ്<br>കൺവീനർമാർ | |

# യു.പി മലയാളം അക്കാഡമിക് പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനുംപദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം :<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപിക | |
| | ഭാഷാകേളി :<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപിക | |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് :<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ | മലയാളം അധ്യാപിക | |
| 2. പഠിതാവിൽ നിന്ന് അർത്ഥ പൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്തലോകത്തേക്ക് :<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധ വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | | |
| | വാർത്തവായന :<br>നവമാദ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെകൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായന നടത്തി തിരെഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | | |

| | | | | |
|---|---|---|---|---|
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം/മുഖാമുഖം :<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം മലയാളം അധ്യാപിക | പി.റ്റി.എ |
| 4. മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | ഇ - കമ്പ്യൂട്ടറിംഗ് :<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മഗസിൻ തയ്യാറാക്കുന്നു. | രണ്ട് വർഷം<br>വർഷാവസാനം | മലയാളം, ഐ.ടി അധ്യാപകർ<br>മലയാളം അധ്യാപികർ | മലയാളം ക്ലബ്ബ് |
| 5. പഠിതാക്കളുടെ കലാവാസനകളെ പരി-പോഷിപ്പിക്കൽ | രംഗാവിഷ്കാരം :<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ, ലഘുനാടകങ്ങൾ, തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച്കൊണ്ട് ശിൽപശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.റ്റി.എ സ്കൂൾ | പി.റ്റി.എ |

| | | | | |
|---|---|---|---|---|
| 6. കുട്ടികളുടെ അവതരണ മികവ് | വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | | | |

# യു.പി ഗണിതം അക്കാഡമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല :<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്......ഉപയോഗിക്കുന്നു)<br>ഭാഷാകേളി : | ജൂൺ | ഗണിത അധ്യാപിക | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒരിഗാമി ശിൽപശാല :<br>ഒരിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക | |
| 3. ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപികരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4. ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് : ജ്യാമിതിയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് പി.റ്റി.എ |
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം: ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ലീഡർസ് | പി.റ്റി.എ |

| | | | | |
|---|---|---|---|---|
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധഗ്യതകളിലൂടെ<br>ജ്യാമിതിയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക | |
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്ക് :<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു.<br>പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപികരും സമർത്ഥരായ കുട്ടികളും | |
| 8. വിവിധ ശേഷികളുടെ വികസനം | ദിനാചരണം :<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ് (യു.പി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരായി മാറ്റിയെടുക്കുക | Virtual Field Trip<br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ നേടിയെടുക്കൽ | I C T സാധ്യതകൾ ഉപയോഗിച്ച് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
